## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6582** **04.04.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ നടത്തുന്ന കുഴി എടുക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) ദേശീയ/സംസ്ഥാന പാതകളിൽ കേബിളുകൾ സ്ഥാപിക്കുവാൻ കുഴിയെടുക്കുന്നതുമൂലം റോഡുകൾ തകരുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുഴിയെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കേണ്ട അനുമതി എന്തെല്ലാമെന്നും ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ; | (ബി) പൊതുമരാമത്ത് റോഡുകളിൽ മറ്റു വകുപ്പുകളുടേയും ഏജൻസികളുടേയും യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതിന് മുൻകൂർ അപേക്ഷ നൽകി കേബിൾ/പൈപ്പ് ട്രെഞ്ചുകൾ പൂർവ്വ സ്ഥിതിയിലാക്കി റോഡുകൾ ഗതാഗത യോഗ്യമാക്കി തീർക്കുന്നതിനുള്ള Restoration ചാർജ് പൊതുമരാമത്ത് വകുപ്പിൽ അടച്ച് അനുമതി വാങ്ങേണ്ടതാണ്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) തീയതി 22/11/2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ടെലികോം തുടങ്ങിയ സേവന ദാതാക്കൾ വിവിധ പദ്ധതികൾക്കായി റോഡുകൾ വെട്ടിമുറിക്കുന്ന പ്രവൃത്തിയിലേക്ക് രണ്ടു വകുപ്പുകളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 6/12/2017 ൽ യോഗം |

ചേരുകയുണ്ടായി. ഇതിൻ പ്രകാരം സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി)നം.30/2018/പി.ഡബ്ല്യൂ.ഡി. തീയതി 05/01/2018 പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ. പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ (സി) അനുമതി ഇല്ലാതെ നടത്തുന്ന പ്രസ്തുത പ്രവൃത്തികൾക്കെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും, വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും, പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച സംരക്ഷിച്ച കൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ചിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്)നേയും, സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി) യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ച കൊണ്ട് 03/09/2016-ലെ ജി.ഒ.(എം.എസ്സ്)നമ്പർ.63/2016/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ കേബിളുകൾ സ്ഥാപിക്കാൻ കുഴികൾ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**